പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. T2724

14/12/2015-ലെ മറുപടിയ്ക്ക്

## ശരണ്യ തൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ശരണ്യ തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) ഭർത്താവ് മരണപ്പെടുന്നതോ അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, വിവാഹബന്ധം വേർപെടുത്തുകയോ ചെയ്യുന്നതോടുകൂടി മക്കളെയും വൃദ്ധരായ മാതാപിതാക്കളെയും സംരക്ഷിക്കേണ്ടി വരുന്ന അശരണരും, സാമ്പത്തികവും, സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയംതൊഴിലിലൂടെ അവർക്കു ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീശാക്തീകരണവും, തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. |
| സി) പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കൾ ആരെല്ലാമാണ്; ഇതിൻ പ്രകാരം ഏതെല്ലാം പദ്ധതികൾക്കാണ് ധനസഹായം അനുവദിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | സി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും, പ്രായം 18 നും 55 |

വയസ്സിനും മദ്ധ്യേ യുള്ള വിധവകൾ, നിയമാനുസൃതം വിവാഹ ബന്ധം വേർപെടുത്തിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷി ക്കുകയോ/ഭർത്താവിനെ കാണാതാവു കയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗ ത്തിലുള്ള വനിതകളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കൾ. വനിതകൾക്ക് വിജയകരമായി ചെയ്യാൻ കഴിയുന്ന ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിനാണ് ധനസഹായം അനുവദിക്കുന്നത്. വളർത്തുമൃഗ – പക്ഷിപരിപാലനം, ചെറുകിട ബിസിനസ്, നാടൻപലഹാരം, കുട, ബാഗ്, സോപ്പ് മുതലായവയുടെ നിർമ്മാണം, കരകൗശല സാമഗ്രികളുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. ഇതുകൂടാതെ പ്രാദേശിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി വനിതകൾക്ക് വിജയ കരമായും ലാഭകരമായും നടപ്പാക്കാൻ കഴിയുന്ന എല്ലാ പദ്ധതികൾക്കും ധനസഹായം അനുവദിക്കുന്നു.

സെക്ഷൻ ഓഫീസർ